(എ) സംസ്ഥാനത്തെ വിവിധ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഇപ്പോഴും ഏജന്റുമാരുടെ ഇടപെടൽ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) വാഹന ഉടമകൾ നേരിട്ട് ഓഫീസുകളിൽ വരുമ്പോൾ ഉദ്യോഗസ്ഥൻമാർ നടപടികളിൽ മനഃപൂർവ്വം കാലതാമസം വരുത്തുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം ഉദ്യോഗസ്ഥൻമാരുടെ മേൽ കർശന നടപടി സ്വീകരിക്കുമോ;

(ഇ) ട്രാൻസ്പോർട്ട് ആഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുവാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ജന പ്രതിനിധികളുടെയും വാഹന ഉടമകളുടെയും ട്രാൻപോർട്ട് തൊഴിലാളികളുടെയും പ്രതിനിധികളടക്കം ഒരു വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചില സ്ഥലങ്ങളിൽ ഇപ്പോഴും ഏജന്റുമാരുടെ ഇടപെടൽ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) പരാതി ലഭിച്ചാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഇ) അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിക്കുന്നതിനും അവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ വിജിലൻസ് ഓഫീസറായി ഒരു വിജിലൻസ് സെൽ ഈ വകുപ്പിൽ ഇപ്പോൾ തന്നെ സജീവമായി പ്രവർത്തിച്ചുവരുന്നു. ആവശ്യമെന്നു കണ്ടാൽ പരിഗണിക്കാവുന്നതാണ്.

മോട്ടോർ വാഹന നികുതി കുടിശ്ശിക

90(1014) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നികുതിയിനത്തിൽ 2000 മാർച്ച് 31-ലെ കുടിശ്ശികയെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഫീൽഡ് സ്റ്റാഫിന്റെ അപര്യാപ്തതയാണ് നികുതി പിരിവ് കുറയ്ക്കുന്നതിന് കാരണമെന്ന് 1998-99-ലെ കൺട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)വർക്ക് സ്റ്റഡി നടത്തിയതിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എണ്ണം കൂടുന്നത് സംബന്ധിച്ച് എന്തെങ്കിലും ശുപാർശ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ശുപാർശ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചറിയിക്കുന്നതാണ്.

(ബി) മോട്ടോർ വാഹന വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എല്ലാ ആഴ്ചയിലും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി പിരിവിലെ ഏറ്റക്കുറച്ചിലുകൾ അവലോകനം ചെയ്യുകയും അതിൻമേൽ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ എല്ലാ മാസവും ജില്ലാ ഓഫീസർമാരുടെ കമ്മിറ്റി വിളിച്ചുകൂട്ടുകയും നികുതി പിരിവിന്റെ ഏറ്റക്കുറച്ചിലുകൾ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ അവരുടെ കീഴിലുള്ള ഓഫീസുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നു. ട്രാൻസ്പോർട്ട് കമ്മീഷണർ ഇക്കാര്യത്തിൽ കമ്മിറ്റി വിളിച്ച് ചേർത്ത് കീഴ് ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നു. നികുതി അടയ്ക്കുന്ന കാര്യത്തിൽ ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിയിട്ടുള്ള കേസുകളിൽ സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ ഹൈക്കോടതി ലെയ്സൺ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(സി) ഫീൽഡ് സ്റ്റാഫിന്റെ അപര്യാപ്തതയാണ് നികുതി പിരിവ് കുറയുന്നതിന് കാരണമെന്ന് പരാമർശം. 98-99-ലെ സി.എ.ജി. റിപ്പോർട്ടിലില്ല.

(ഡി) ഉദ്യോഗസ്ഥൻമാരുടെ അപര്യാപ്തത നികുതിപിരിവിനെ ബാധിക്കുന്നുണ്ടെങ്കിലും റവന്യൂ റിക്കവറി മുഖേനയും ഫീൽഡ് ചെക്കിംഗ് ഊർജ്ജിതപ്പെടുത്തിയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഓഫീസ് തലത്തിലുള്ള ഫീൽഡുവർക്ക് കൂടാതെ ജില്ലാതലത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിലും മേഖലാ തലത്തിലും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ നേതൃത്വത്തിലും ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ടും സംയുക്ത വാഹന പരിശോധന കൂടെക്കൂടെ നടത്തി നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിലെ 2-ാം നമ്പർ വർക്ക് സ്റ്റഡി ടീം ആണ് നടത്തിയിട്ടുള്ളത്.

(എഫ്)ഉണ്ട്.

(ജി) ഉണ്ട്. പുതിയതായി 190 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കാൻ വർക്ക് സ്റ്റഡി ടീം ശുപാർശ ചെയ്തിട്ടുണ്ട്. നിലവിലുള്ള ജോലിഭാരം കണക്കിലെടുത്ത് 15 ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 3 അതിർത്തി ചെക്കുപോസ്റ്റുകളും പുതു

LIBRARY ARCHIVES Kerala Legislative Assembly

തായി ആരംഭിക്കുവാനുള്ള ശുപാർശ അംഗീകരിക്കുന്നതിനും വിധേയമാണ് ഇത്രയും തസ്തികകൾ സൃഷ്ടിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളത്.

(എച്ച്) വർക്ക് സ്റ്റഡി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ വാർഷിക പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ്

91(1016) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ളവർ സ്വത്തു സമ്പാദിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻമാർ വാർഷിക പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ 5 കൊല്ലത്തേയ്ക്ക് എത്ര ഉദ്യോഗസ്ഥൻമാർ സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ സ്ഥാവര സ്വത്താർജ്ജിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ ഉപയോഗപ്പെടുത്തിയിട്ടുള്ള എത്ര മോട്ടോർ വാഹന ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നിവരിൽ എത്ര പേർ സർക്കാരിന്റെ കാർ ലോൺ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വരവിൽകവിഞ്ഞ് സ്വത്തു സമ്പാദിക്കുന്നതുമായി ബന്ധപ്പെട്ട മൂന്ന് കേസുകൾ വിജിലൻസ് വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൻമേലുള്ള തുടർ നടപടികൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) വർഷംതോറും മുദ്രവച്ച കവറുകളിൽ ലഭിക്കുന്ന പ്രോപ്പർട്ടി സ്റ്റേറ്റുമെന്റുകൾ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമാണ് സർക്കാർ അനുമതിയോടുകൂടി തുറന്ന് പരിശോധിക്കുന്നത്. 5 കൊല്ലക്കാലത്തെ സ്റ്റേറ്റ്മെന്റുകൾ തുറന്ന് പരിശോധിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക നിർദ്ദേശവും അനുമതിയും ആവശ്യമാണ്.

(ഡി) അഞ്ചു വർഷത്തിനുള്ളിൽ ആരുംതന്നെ ഭവന നിർമ്മാണ വായ്പ വാങ്ങിയിട്ടില്ല.

(ഇ) അഞ്ചു വർഷത്തിനുള്ളിൽ ആരുംതന്നെ കാർവായ്പ എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly